#IIMKinMedia

Date: September 05, 2026

Newspaper : Malayala Manorama, Pg.08

# ചർച്ചകളും പുതുവഴികളുമായി മന്ത്രിമാരുടെ പരിശീലനം

**▸▸ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നടക്കുന്ന ശിൽപശാല ഇന്നു സമാപിക്കും**

**മനോരമ ലേഖകൻ**

കോഴിക്കോട് ● ദുരന്ത ലഘൂകരണത്തിലും പ്രതിരോധത്തിലും സംസ്ഥാനത്തിനു പ്രയോജനകരമായ നേട്ടങ്ങൾ കൈവരിക്കാനുള്ള വാതിലുകൾ തുറന്നിട്ടു മന്ത്രിസഭാ പരിശീലനത്തിന്റെ ആദ്യ ദിവസം. ദുരന്തങ്ങൾ നേരിടുന്നതിലും ആഘാതം കുറയ്ക്കുന്നതിലും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജപ്പാൻ നടത്തിയ മുന്നേറ്റങ്ങൾ വയനാട്ടിൽ ഉൾപ്പെടെ പ്രാവർത്തികമാക്കാനുള്ള ആലോചനകൾ മന്ത്രിസഭ ആരംഭിച്ചു.

ജപ്പാനിലെ കിയോ യൂണിവേഴ്സിറ്റിയിൽ നിന്നെത്തിയ വിദഗ്ധർ സഹായങ്ങളും വാഗ്ദാനം ചെയ്തു. കേരളത്തിന്റെ ഭാവി വികസനത്തിനു പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനായി മുഖ്യമന്ത്രിയും മുഴുവൻ മന്ത്രിസഭാംഗങ്ങളും ചീഫ് സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന 'റീ ഇമാജിനിങ് കേരളം' പരിശീലന പരിപാടിയിലാണു ചർച്ചകൾ നടന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് സംഘടിപ്പിക്കുന്ന ശിൽപശാല ഇന്നു സമാപിക്കും. ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജി അവതരിപ്പിച്ച 'നിർമിതബുദ്ധിയുടെ കാലത്തെ പരിവർത്തനാത്മക നേതൃത്വം: ലക്ഷ്യബോധത്തോടെയും ഫലപ്രാപ്തിയോടെയും ജനങ്ങളെ പങ്കാളികളാക്കുക' എന്ന സെഷനോടെ ആയിരുന്നു തുടക്കം. ഡീൻ പ്രഫ.ആനന്ദക്കുട്ടൻ ഉണ്ണിത്താൻ സെഷൻ ഏകോപിപ്പിച്ചു. 'കേരളത്തെ ആരോഗ്യ-ക്ഷേമ കേന്ദ്രമായി ഉയർത്തുക' എന്ന സെഷനിൽ ചെന്നൈ അരവിന്ദ് കണ്ണാശുപത്രി ചീഫ് മെഡിക്കൽ ഓഫിസർ ഡോ. അരവിന്ദ് ശ്രീനിവാസൻ നേതൃത്വം നൽകി.




**ചിരി പടരേ ക്ലാസാ!** കോഴിക്കോട് ഐഐഎമ്മിൽ നടക്കുന്ന സംസ്ഥാന മന്ത്രിസഭാ അംഗങ്ങൾക്കുള്ള നേതൃത്വ പരിശീലന പരിപാടിയിൽ ക്ലാസിനു ശേഷം ഐഐഎം ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജി മുഖ്യമന്ത്രി വി.ഡി.സതീശൻ ഉൾപ്പെടെയുള്ളവരുമായി സംവദിക്കുന്നു. മന്ത്രിമാരായ കെ.എം.ഷാജി, ഒ.ജെ.ജനീഷ്, സി.പി.ജോൺ, എ.പി.അനിൽ കുമാർ, രമേശ് ചെന്നിത്തല, പി.കെ.കുഞ്ഞാലിക്കുട്ടി, സണ്ണി ജോസഫ്, മോൻസ് ജോസഫ്, ഷിബു ബേബി ജോൺ, അനൂപ് ജേക്കബ്, ബിന്ദു കൃഷ്ണ, റോജി എം. ജോൺ, പി.സി.വിഷ്ണുനാഥ്, കെ.എ.തുളസി, എൻ.ഷംസുദ്ദീൻ, പി.കെ.ബഷീർ, ടി.സിദ്ദിഖ്, വി.ഇ.അബ്ദുൽ ഗഫൂർ, എം.ലിജു, കെ.മുരളീധരൻ, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, മുഖ്യമന്ത്രിയുടെ സെക്രട്ടറി ഡോ. രത്തൻ യു.ഖേൽക്കർ തുടങ്ങിയവർ സമീപം. *ചിത്രം: സജീഷ് ശങ്കർ / മനോരമ*

'അപകട സാധ്യതകൾക്കൊപ്പം ജീവിക്കുക: കാലാവസ്ഥാ പ്രതിരോധശേഷിയും സമൂഹത്തിന്റെ തയാറെടുപ്പും - ജപ്പാനിൽ നിന്നുള്ള കാലാവസ്ഥാ വ്യതിയാന അനുകൂലനത്തിന്റെയും സമൂഹാധിഷ്ഠിത ദുരന്ത നിവാരണത്തിന്റെയും പാഠങ്ങൾ' എന്ന വിഷയത്തിൽ ജപ്പാനിലെ കിയോ സർവകലാശാലയിലെ പ്രഫ. ഡോ. രാജീബ് ഷാ, ഐഐഎം കോഴിക്കോട് പ്രഫ. അനുപം ദാസ് എന്നിവർ നേതൃത്വം നൽകി.

'നയങ്ങളിൽനിന്ന് പെരുമാറ്റത്തിലേക്ക്: ഫലപ്രദമായ ഭരണനിർവഹണത്തിന്റെ ശാസ്ത്രം' എന്ന സെഷൻ ലണ്ടൻ കിങ്സ് കോളജിലെ ഡോ. സഞ്ജയൻ ബാനർജി, ഐഐഎം കോഴിക്കോട് പ്രഫ. സിദ്ധാർഥ് പാധി എന്നിവർ നയിച്ചു. കേരളത്തിന്റെ വയോജന സമ്പദ് വ്യവസ്ഥാ ദൗത്യം എന്ന വിഷയത്തിലും ചർച്ച നടന്നു. ഐഐഎം പ്രഫ. ദീപ സേഥി, പ്രഫ. പ്രിയ നായർ രാജീവ് എന്നിവർ നേതൃത്വം നൽകി. ഇന്ന് ഉച്ചയോടെ ക്യാംപ് അവസാനിക്കും.